**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 124** **29-01-2024 - ൽ മറുപടിയ്ക്ക്**

**അറസ്റ്റ് ചെയ്യുമ്പോൾ പോലീസ് പാലിക്കേണ്ട മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു വ്യക്തിയെ പോലീസ് അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ബഹു. സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് അറസ്റ്റ് രേഖപ്പെടുത്തി വരുന്നത്. ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യുമ്പോൾ പോലീസ് പാലിക്കേണ്ട നടപടിക്രമങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | രാഷ്ട്രീയ സമരങ്ങളിൽ പങ്കെടുക്കുന്നവരെ അറസ്റ്റ് ചെയ്യുന്നതിനുള്ള സുപ്രീം കോടതിയുടെ മാനദണ്ഡങ്ങൾ പാലിക്കാതെ വീട്ടിൽ കയറി അറസ്റ്റ് ചെയ്യുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയമപരമാണോ എന്ന് വിശദമാക്കാമോ; | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (സി) | പ്രമുഖ പ്രതിപക്ഷ യുവജന സംഘടനയുടെ സംസ്ഥാന പ്രസിഡന്റിനെ അടൂരിലെ വീട്ടിൽ നിന്നും പുലർച്ചെ അറസ്റ്റ് ചെയ്ത സംഭവത്തിൽ പോലീസ് പാലിക്കേണ്ട മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | **ടിയാനെ അറസ്റ്റ് ചെയ്ത സമയം അറസ്റ്റിനെ സംബന്ധിച്ച് പോലീസ് പാലിക്കേണ്ട എല്ലാ മാനദണ്ഡങ്ങളും കൃത്യമായി പാലിച്ചിട്ടുണ്ട്.** |
| (ഡി) | പ്രസ്തുത സംഭവത്തിൽ അറസ്റ്റ് ചെയ്യുന്നതിന് മുമ്പ് നൽകേണ്ട സിആർ.പി.സി. 41 എ നോട്ടീസ് നൽകിയിരുന്നോ; വിശദമാക്കാമോ? | (ഡി) | അറസ്റ്റ് ചെയുന്നതിന് മുൻപ് 41എ സിആർ.പി.സി പ്രകാരമുള്ള നോട്ടീസ് നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

## ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യുമ്പോൾ പോലീസ് പാലിക്കേണ്ട നടപടി ക്രമങ്ങൾ.

1. അറസ്റ്റോ ചോദ്യം ചെയ്യലോ നടത്തുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ അവരെ തിരിച്ചറിയത്തക്ക രീതിയിൽ തിരിച്ചറിയൽ ചിഹ്നങ്ങളും പേരും ഉദ്യോഗപ്പേരും ഉള്ള ടാഗും ധരിച്ചിരിയ്ക്കണം. അറസ്റ്റു ചെയ്യപ്പെട്ടിട്ടുള്ള ആളിനെ ചോദ്യം ചെയ്യുന്നതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തണം.

2. അറസ്റ്റു നടത്തുന്ന പോലീസ് ഉദ്യോഗസ്ഥൻ അറസ്റ്റു ചെയ്യുന്ന സമയത്ത് അറസ്റ്റ് മെമ്മോ തയ്യാറാക്കേണ്ടതും, ആ അറസ്റ്റ് മെമ്മോ അറസ്റ്റു ചെയ്യപ്പെട്ടയാളിന്റെ കുടുംബത്തിലെ ഒരു അംഗമോ, അറസ്റ്റു നടക്കുന്ന സ്ഥലത്തെ ബഹുമാന്യനായ ഒരു വ്യക്തിയോ സാക്ഷിപ്പെടുത്തിയിരിക്കണം.

3. അറസ്റ്റ് ചെയ്യപ്പെടുകയോ, തടഞ്ഞുവെയ്ക്കുകയോ ചെയ്യുകയും പോലീസ് സ്റ്റേഷനിലോ ചോദ്യം ചെയ്യൽ കേന്ദ്രത്തിലോ. ലോക്കപ്പിലോ കസ്റ്റഡിയിൽ ആയിരിക്കുകയും ചെയ്യുന്നയാളിന്, താൻ അപ്രകാരം അറസ്റ്റു ചെയ്യപ്പെടുകയും, തടഞ്ഞുവെയ്ക്കപ്പെടുകയും ചെയ്തിരിക്കുന്നയായി തന്റെ ഒരു സുഹൃത്തിനെയോ ബന്ധുവിനെയോ, താൻ അറിയുന്നതോ, തന്നിൽ താല്പര്യം ഉള്ളതോ ആയ മറ്റൊരാളിനെയോ അറിയിക്കുവാൻ അവകാശമുണ്ട്. (മെമ്മോ സാക്ഷ്യപ്പെടുത്തിയത് അത്തരം ഒരു സുഹൃത്തോ, ബന്ധുവോ ആണെങ്കിൽ ഈ വ്യവസ്ഥ ബാധകമല്ല).

4. അറസ്റ്റു ചെയ്യപ്പെട്ട ആളിന്റെ സുഹൃത്തോ അടുത്ത ബന്ധുവോ, ആ ജില്ലയ്ക്ക് വെളിയിലാണെങ്കിൽ അറസ്റ്റു ചെയ്ത സമയം, തീയതി കസ്റ്റഡിയിൽ സൂക്ഷിച്ചിരിയ്ക്കുന്ന സ്ഥലം എന്നിവ അറസ്റ്റു നടന്നു കഴിഞ്ഞ് എട്ട് മണിക്കൂറിനും 12 മണിക്കൂറിനും ഇടയിൽ ജില്ലയിലെ നിയമസംഘടനയിലൂടെയും ബന്ധപ്പെട്ട പ്രദേശത്തെ പോലീസ് സ്റ്റേഷൻ മുഖേനയും അറിയിക്കേണ്ടതാണ്.

5. അറസ്റ്റു ചെയ്യപ്പെട്ട ആളെ തന്റെ അറസ്റ്റിനെയോ തടഞ്ഞുവെയ്ക്കലിനെയോ പറ്റി അറിയിക്കുവാനുള്ള അവകാശത്തെപറ്റി ബോധവാനാക്കേണ്ടതാകുന്നു.

6. തടങ്കലിൽ വെച്ചിട്ടുള്ള സ്ഥലത്ത് ഒരു ഡയറിയിൽ അറസ്റ്റിനെ പറ്റിയുള്ള വിവരം രേഖപ്പെടുത്തേണ്ടതും, അയതിൽ അറസ്റ്റു വിവരം അറിയിച്ച സുഹൃത്തിന്റെയോ ബന്ധുവിന്റെയോ പേരും അറസ്റ്റു ചെയ്യപ്പെട്ട ആളെ

കസ്റ്റഡിയിൽ വെച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പേരും മറ്റു വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

7. അറസ്റ്റ് ചെയ്യപ്പെടുന്നയാൾ ആവശ്യപ്പെടുന്ന പക്ഷം ആ സമയത്ത് അയാളുടെയോ അവളുടെയോ ശരീരത്തിലുള്ള ചെറുതും വലുതുമായ ക്ഷതങ്ങളും മുറിവുകളും മറ്റും പരിശോധിച്ച് രേഖപ്പെടുത്തണം.

ഈ പരിശോധന മെമ്മോയിൽ അറസ്റ്റു ചെയ്യപ്പെട്ട വ്യക്തിയും പരിശോധന നടത്തിയ പോലീസ് ഉദ്യോഗസ്ഥനും ഒപ്പുവെക്കേണ്ടതാണ്. ഇതിന്റെ കോപ്പി അറസ്റ്റു ചെയ്യപ്പെട്ട വ്യക്തിയ്ക്കും. അറസ്റ്റു നടത്തിയ പോലീസ് ഉദ്യോഗസ്ഥനും നൽകേണ്ടതാണ്.

8. അറസ്റ്റു ചെയ്യപ്പെട്ടയാളെ അയാളെ കസ്റ്റഡിയിൽ വെച്ചിരിയ്ക്കുന്ന കാലയളവിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അംഗീകരിച്ചിരിക്കുന്ന ഡോക്ടർമാരുടെ പാനലിൽ പെട്ട ഒരു ഡോക്ടർ പരിശോധിക്കേണ്ടതാണ്.

9. അറസ്റ്റ് സംബന്ധിച്ച എല്ലാ റിക്കാർഡുകളും ആധികാരികതയുള്ള മജിസ്ട്രേറ്റിന് അദ്ദേഹത്തിന്റെ രേഖകളിൽ ഉൾക്കൊള്ളിക്കുന്നതിനായി അയച്ചു കൊടുക്കേണ്ടതാണ്.

10. ചോദ്യം ചെയ്യൽ സമയത്ത് തന്റെ അഭിഭാഷകനെ കാണുവാൻ അറസ്റ്റു ചെയ്യപ്പെട്ടയാളെ അനുവദിക്കേണ്ടതാണ്. ചോദ്യം ചെയ്യുന്ന സമയം മുഴുവൻ അനുവദിയ്ക്കണമെന്നില്ല.

11. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സംസ്ഥാനതല പോലീസ് കൺട്രോൾ റൂമുകളിലും ഒരു അറസ്റ്റ് നടന്ന് 12 മണിക്കൂറിനുള്ളിൽ അതിനെ സംബന്ധിച്ച വിവരം, അറസ്റ്റു നടത്തുന്ന ഉദ്യോഗസ്ഥൻ കൺട്രോൾറൂമിൽ അറിയിക്കേണ്ടതുമാണ്.

സെക്ഷൻ ഓഫീസർ